**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **10-02-2025 - ൽ മറുപടിയ്ക്ക്**

**കയർമേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർപിരിക്കുന്ന തൊഴിലാളികളുടെയും ഫാക്ടറി തൊഴിലാളികളുടെയും കൂലി വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **(എ)** കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റുവാനും ഇതുവഴി ഏകീകൃത DA ഘടന നടപ്പിലാക്കുവാനും, നിലവിലുള്ള കൂലിയിൽ പ്രതിദിനം 9% വർദ്ധനവ് വരുത്തുവാനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും DA യും ചേർത്ത് 748.11 രൂപയായിരുന്നത് 9% വർദ്ധിപ്പിച്ച് അടിസ്ഥാന ശമ്പളം ആകെ 815.44 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകി വരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | (ബി) പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി, തൊഴിലാളികൾക്ക് പല ബാച്ചുകളിലായി പരിശീലനം നൽകുകയുണ്ടായി. 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പെന്റോട് കൂടി ഇ-റാട്ട്, ASM, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകി. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യത വിപുലപ്പെടുത്തുന്നതിനു MGNREGS പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യത നൽകുന്നു. |

| | | | |
|---|---|---|---|
| | | | കയർ ഭൂവസ്ത്രത്തിന്റെ വ്യാപകമായ ഉപയോഗം ചകിരി ഉൽപ്പാദന മേഖല, കയർപിരി മേഖല, ഉൽപ്പാദന മേഖല എന്നിവയിലാകെ നിരവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ പ്രവർത്തന ക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക് സ.ഉ.(സാധാ)നം.700/2024/വ്യവ തീയതി: 06.08.2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്. |
| (സി) | കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുവാനും ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും വകുപ്പ് മുൻകൈയെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | **(സി)** കേരളത്തിലെ പ്രവർത്തനക്ഷമമായ സംഘങ്ങൾക്ക് അടുത്ത 2 വർഷം സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിനും, 15 കോടി രൂപയുടെ പദ്ധതിക്ക് സ.ഉ.(സാധാ)നം.700/2024/വ്യവ തീയതി: 06.08.2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സംഘങ്ങളെ 4 കാറ്റഗറി ആയി തിരിച്ച് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയിൽ ഇതുവരെ 3.6 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>31.03.2020 വരെ കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ കുടിശ്ശിക ഇനത്തിലുള്ള വിരമിക്കൽ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. 01.04.2020 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ ക്ഷേമനിധിയിൽ നിന്നും വിരമിച്ച തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യകുടിശ്ശിക അനുവദിക്കുന്നതിനായുള്ള 25.45 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ